**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **27-06-2022 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത് കേസ് സംബന്ധിച്ച പ്രസ്താവന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സ്വർണ്ണക്കടത്ത് കേസിലെ മുഖ്യപ്രതിയെ മുന്നിൽ നിർത്തി പ്രതിപക്ഷ കക്ഷികൾ സംസ്ഥാനത്ത് കലാപശ്രമം നടത്തുന്നുവെന്ന ആക്ഷേപം സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് തയ്യാറാകുമോ; | (എ) | സ്വർണ്ണ കള്ളക്കടത്ത് കേസിലെ ഒരു പ്രതി മാധ്യമങ്ങളുടെ മുന്നിൽ ഉന്നയിച്ച കാര്യങ്ങളെത്തുടർന്ന്,<br><br>ഗൂഢാലോചന ആരോപിച്ചു കൊണ്ട് ശ്രീ.കെ.ടി.ജലീൽ എം.എൽ.എ പരാതി നൽകിയിരുന്നു. അതേത്തുടർന്ന്<br><br>തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 645/2022 u/s 153, 120 (B) IPC പ്രകാരവും അഡ്വ.സി.പി.പ്രമോദ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പാലക്കാട് കസബ പോലീസ് സ്റ്റേഷനിലെ ക്രൈം നം.423/2022 u/s 505 (1) (b), 465 IPC, 65 of IT Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്.<br><br>നിലവിൽ അന്വേഷണം തിരുവനന്തപുരം ക്രൈംബ്രാഞ്ച് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് നടത്തുന്നത്. അന്വേഷണത്തിന്റെ മേൽനോട്ട ചുമതല ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-ക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഒരു പ്രതിപക്ഷ പാർട്ടി നേതാവ് സ്വർണ്ണക്കടത്ത് കേസിലെ പ്രതിക്ക് സംരക്ഷണമൊരുക്കുമെന്ന് പരസ്യ പ്രസ്താവന നടത്തി കുറ്റവാളികളെ സംരക്ഷിക്കാൻ മുതിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കണക്കിലെടുത്ത് നിയമനടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | (എ) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിലെ രണ്ട് സഹമന്ത്രിമാർ വാർത്താ സമ്മേളനത്തിലൂടെ പ്രസ്താവന നടത്തി അന്വേഷണ | (സി) | സംസ്ഥാന സർക്കാർ ഇക്കാര്യം ആലോചിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | ഏജൻസികളെ വഴി തെറ്റിച്ചുവിടാൻ നടത്തിയതായി പറയപ്പെടുന്ന ശ്രമം ഗൗരവത്തിലെടുത്ത് അക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിയമനടപടിയുടെ സാധ്യത പരിശോധിക്കുകയും ചെയ്യുമോ? | | |

സെക്ഷൻ ഓഫീസർ